**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ – ഡ്രൈവർമാരുടെ 01.11.2007 മുതൽ 31.08.2011 വരെയുള്ള സീനിയോറിട്ടി പട്ടികയിൽ ശ്രീ. സുഹൃത്ത്. സി യുടെ പേര് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 24.07.2017 ലെ എ2-20713/2017 നമ്പർ കത്ത്
2. Adv. No.DTD. IV (2)3034/99/dtd 29.04.2008 from KPSC TVM
3. ഉത്തരവ് നം. എ2-30117/2016/ജി.മെ.ആ തിരു. തീയതി 14.12.2016
4. ഉത്തരവ് നം. ഇ.എസ്2-70525/11/ആവഡ തീയതി 09.11.2012
5. ഈ ആഫീസിലെ 06.10.2017 ലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം.ഇ.എസ് 2-70525/2011/ആ.വ.ഡ തീയതി 02.12.2017**

ഡ്രൈവർമാരുടെ 01.11.2007 മുതൽ 31.08.2011 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡ്രൈവർ ശ്രീ. സുഹൃത്ത്. സി സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരുന്നു.

ശ്രീ. സുഹൃത്ത്. സി സൂചന രണ്ട് (2) പ്രകാരമുള്ള തിരുവനന്തപുരം പി.എസ്.സി യുടെ നിയമന ശുപാർശയുടെയും സൂചന മൂന്ന് (3) പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 11.06.2008 ൽ സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് 11.06.2010 ൽ ടിയാൻ പരിവീക്ഷാകാലം പൂർത്തീകരിക്കുകയും ചെയ്തു.

31.01.2011 മുതൽ 13.12.2016 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ടിയാൻ 14.12.2016 ൽ തിരികെ ജോലിയിൽ പ്രവേശിച്ചു. പരിവീക്ഷാകാലാവധി പൂർത്തീകരിച്ചതിനു ശേഷം, ശൂന്യവേതനാവധിയിൽ പ്രവേശിച്ച ടിയാനെ സൂചന 4 പ്രകാരമുള്ള ഡ്രൈവർമാരുടെ 01.11.2007 മുതൽ 31.08.2011 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ II (എ) നമ്പരായി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് സൂചന 5 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡ്രൈവർ ശ്രീ. സുഹൃത്ത്. സി യെ ഡ്രൈവർമാരുടെ 01.11.2007 മുതൽ 31.08.2011 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ സീനിയോറിട്ടി പട്ടികയിൽ 11 (എ) എന്ന നമ്പറായി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | പേര് | ജനന തീയതി | പി.എസ്.സി യുടെ ശുപാർശ | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിട്ടി കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നം. | പുതുക്കിയ റാങ്ക് നം. |
|---|---|---|---|---|---|---|---|
| 1 | Noushad. P.M | 10.10.72 | RIV(1)1901(1) KPSC TCR dtd 23.01.2008 | 27.02.2008 | 23.01.2008 | 11 | 11 |
| 2 | C. Suhrethu | 20.05.66 | DTD (2)3034/99/KPSC, TVPM dtd 29.04.2008 | 11.06.2008 | 29.04.2008 | Nil | 11 (A) |
| 3 | Anilkumar. J.S | 05.04.73 | DTD (2)3034/99/KPSC TVM dtd 29.04.2008 | 11.06.2008 | 29.04.2008 | 12 | 12 |

സൂചന 4 പ്രകാരമുള്ള ഉത്തരവ് ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്/-
സി.എം.അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം
3. ശ്രീ. സുഹൃത്ത്. സി, ഡ്രൈവർ, ജനറൽ ആശുപത്രി, തിരുവനന്തപുരം
4. വെബ്സൈറ്റ്
5. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

GOVERNMENT OF KERALA